
mārggam
Digital Library of Christianity in India
www.marggam.com

RESOURCES FOR
RESEARCHERS

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

# Dukrana, January-1985
# ദുക്റാന





www.TheCMSIndia.org

| | |
|---|---|
| Call Number | RR-1365/WM |
| Title | Dukrana Aaradhana. January.Monthly<br>ദുക്റാനാ |
| Topic | A Journal on Liturgy<br>Sponsered by the Eastern Liturgical society |
| Author | Unknown. |
| Publisher/Year | Fr. George Kolath /1985 |
| Board of Editors | Dr. Jacob Vellian<br>S. Kurian Vempany |
| Edition | 1 |
| Managing Editor | Dr. Xavier Koodapuzha |
| News Editor | Dr. Wilson Ukken |
| Book | 5 |
| Printed at | Kottayam |
| Total Pages | 52 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #Dukrana #AJournalonLiturgy # EasternLiturgicalsociety # FrGeorgeKolath # DrJacobVellian #S.KurianVempany # Dr.XavierKoodapuzha # DrWilsonUkken #Kottayam |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

വാല്യം 5
ജന. 1985
ലക്കം 1

# ദുക്റാന



www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ദുക്റാന
## ആരാധന

പുസ്തകം 5 | 1985 ജനവരി | ലക്കം 1

**- ഈ ലക്കത്തിൽ -**


നമുക്കു യോർദ്ദാൻവരെ പോകാം 2

ദനഹായുടെ കുളിരലകൾ
ഡോ. തോമസ് മണ്ണൂരാൻപറമ്പിൽ 4

അക്കാത്തിസ്റ്റ് എന്ന മരിയ കീർത്തനം
ജിയോ പള്ളിക്കുന്നേൽ C. M. I. 9

മാർത്തോമ്മാ ക്രിസ്ത്യാനികൾക്കിടയിൽ പ്രയോഗത്തിലിരിക്കുന്ന ഗ്രീക്കു പദങ്ങൾ
ഡോ. പി. എം. ജോസഫ് 13

കുർബാന ക്രമത്തിന്റെ ആദ്യാങ്കുരം—അതിന്റെ മുളയെടുപ്പും വളർച്ചയും
ഡോ. ജോർജ്ജ് വാവാനിക്കുന്നേൽ 16

സംശയങ്ങൾക്കു ഒരുപുറം 23

ഗ്രന്ഥ പരിചയം 24

സീറോ മലബാർ സഭയുടെ കുർബാന ക്രമം 25

വാർത്താലോകം 38

കലണ്ടർ



**DUKRANA**
*Monthly*

*A Journal on Liturgy*

*BOARD OF EDITORS*

*Chief Editor*
*Dr. Jacob Vellian*

*Managing Editor*
*Dr. Xavier Koodapuzha*

*General Editor*
*S. Kurian Vempany*

*Associate Editor*
*Dr. Thomas Mannooramparampil*

*News Editor*
*Dr. Wilson Ukken*

*Finance Manager*
*Fr. Joseph Kunnathupurayidam*

*Publisher*
*Fr. G. Kolath*

*Art. Editor*
*Joseph Newton*

*All correspondence regarding agency and subscription*
*The Circulation Manager*

**DUKRANA**
*Vidyanagar, Manganam P. O.*
*Kottayam 686 018, Kerala.*
*Phone Ktm. 8321*

*SUBSCRIPTION*
*Single Copy Rs. – 1.25*
*Annual Sub. Rs. – 12/–*


www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ദനഹായുടെ കുളിരലകൾ

പ്രത്യക്ഷത്തിൽ പാപികളോടൊത്തു സ്നാനത്തിനുവന്ന ഒരുവൻ, എന്നാൽ പാപലേശം കൂടാതെ വെള്ളത്തിലിറങ്ങിയവൻ, വെള്ളത്തിൽ മുങ്ങിയപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു! പരിശുദ്ധാത്മാവു പ്രാവിന്റെ രൂപത്തിൽ അവിടുത്തേമേൽ ആവസിച്ചു. 'ഇവൻ എന്റെ പ്രിയപുത്രനാണെന്ന്'' പിതാവായ ദൈവം സാക്ഷ്യപ്പെടുത്തുകയും ചെയ്തു. ഈ സ്വർഗ്ഗീയ വിളംബരം നമ്മുടെ മനസ്സിനെ ബേത്‌ലെഹത്തേയ്ക്കു നയിക്കുന്നു. അവിടെ മിശിഹാ തന്റെ ശാരീരികാസ്തിത്വം ആരംഭിക്കുന്നു. യോർദ്ദാനിലാകട്ടെ തന്റെ പരസ്യ ജീവിതവും. ബേത്‌ലെഹത്തു അകളങ്കരായ ആട്ടിടയന്മാർക്കു അവിടുന്നു തന്നെ വെളിപ്പെടുത്തിയെങ്കിൽ യോർദ്ദാനിൽ പാപികൾക്കാണ് വെളിപ്പെടുത്തപ്പെട്ടത്. ലോകം പാപത്തിൽനിന്നു പാപത്തിലേയ്ക്കു വഴുതി വീഴുന്ന ഈ കാലഘട്ടത്തിൽ പാപികൾക്കൊരു രക്ഷകൻ ഉണ്ടെന്നു വ്യക്തമാക്കപ്പെടുന്ന ദനഹാത്തിരുനാളിനു പ്രത്യേക പ്രാധാന്യമുണ്ട്. ഓരോ ക്രിസ്ത്യാനിയും, തന്റെ, തന്നെ

ക്രിസ്തുമസ് പ്രദാനം ചെയ്യുന്ന ശാന്തിയും പ്രത്യാശയും തുടർന്നു നിലനിർത്താനുള്ള മംഗളനാളാണ് ദനഹ. തന്റെ രഹസ്യജീവിതത്തിനുശേഷം ഈശോ ലോകത്തിനു സ്വയം വെളിപ്പെടുത്തുകയും പിതാവും പരിശുദ്ധാത്മാവും അതു സാക്ഷ്യപ്പെടുത്തുകയും ചെയ്തതിന്റെ അനുസ്മരണയാണ് ദനഹാത്തിരുന്നാൾ. യോർദ്ദാനിൽ മാമ്മോദീസാ സ്വീകരിച്ചവേളയിലാണല്ലോ ഈശോ ലോകത്തിനു സ്വയം വെളിപ്പെടുത്തിയത്.

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# അക്കാത്തിസ്റ്റ് എന്ന മരിയകീർത്തനം

**ബൈ**സന്റൈൻ ആരാധനക്രമത്തിലുപയോഗിക്കുന്ന മനോഹരമായ ഒരു മാതൃസ്തവമാണ് 'അക്കാത്തിസ്റ്റ് കീർത്തനം' പൗരസ്ത്യപാരമ്പര്യത്തിൽ 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരാഭിധാനമുള്ള വി. അപ്രേമിൽ നിന്നു പുറപ്പെട്ട മാതൃസ്തവങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ആ മരിയ കീർത്തനങ്ങളോട് കിടപിടിക്കുന്നതാണ് ഈ കീർത്തനം.

ഈ കീർത്തനത്തിന്റെ രചനയും ഉള്ളടക്കവും, സാഹിത്യ മൂല്യവും അന്യാദൃശ്യമാണ്. മരിയ ശാസ്ത്രം കാച്ചിക്കുറുക്കിയെടുത്തതാണ് ഈ കീർത്തനമെന്നു പറയാം.

മരിയ ഭക്തിയിൽ അഭിമാനവും ആവേശവും കൊള്ളുന്നവരാണ് കേരള ക്രൈസ്തവർ. ആർഷഭാരത സംസ്ക്കാരംതന്നെയാവാം അതിന്റെ ഉറവിടം.

ജനനീ ജന്മഭൂമിശ്ച
സ്വർഗഗാദപ്യ ശരീയസീ

(അമ്മയും ജന്മ നാടും സ്വർഗ്ഗത്തേക്കാൾ വലുതാണ്) എന്നതാണല്ലോ ഭാരതീയർ കരുതുന്നത്. ആ നിലയ്ക്ക് അമ്മയെ മറ്റെന്തിനേക്കാളും മാനിക്കുന്ന പാരമ്പര്യമുള്ള കേരള ക്രിസ്ത്യാനികൾക്കു ലോക രക്ഷകനായ ക്രിസ്തു ജനനിയെ എങ്ങനെ കൊണ്ടാടാതിരിക്കാനാവും ഈ പശ്ചാത്തലത്തിൽ നിന്നും നോക്കുമ്പോൾ മരിയസ്തവമായ 'അക്കാത്തിസ്റ്റു' കീർത്തനങ്ങളെക്കുറിച്ചുള്ള ഈ ലേഖനം കാലോചിതമായിരിക്കുന്നു.

അക്കാത്തിസ്റ്റു കീർത്തനത്തിന്റെ ഒരു രേഖാചിത്രമേ ആകുന്നുള്ളു ഈ ലേഖനം. കീർത്തനത്തിന്റെ വിവർത്തനം 'ദുക്റാന'യിൽ പ്രതീക്ഷിക്കുക.

## "അക്കാത്തിസ്റ്റ്" എന്ന പദം

'അക്കാത്തിസ്റ്റ്' എന്ന പദത്തിന് പല വ്യാഖ്യാനങ്ങൾ കൊടുക്കാറുണ്ട്. ഗ്രീക്കഭാഷയിൽ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# മാർത്തോമ്മാക്രിസ്ത്യാനികൾക്കിടയിൽപ്രയോഗത്തിലിരിക്കുന്നഗ്രീക്കപദങ്ങൾ

മാർതോമ്മാ ക്രിസ്ത്യാനികളുടെ സഭാ ജീവിതത്തോടു ബന്ധപ്പെട്ട 40 ഗ്രീക്കു പദങ്ങളും അവയുടെ അർത്ഥവും ബഹുഭാഷാപണ്ഡിതനായ ഡോ: പി. എം. ജോസഫ് വിവരിക്കുകയാണ് ഈ ലേഖനത്തിലൂടെ

സാധാരണക്കാർക്കുവരെ കൗതുകവും അറിവും പ്രദാനം ചെയ്യുന്നതാണ് ഇതിൽ കൊടുത്തിരിക്കുന്ന സംജ്ഞാപദങ്ങളും അവ ഉൾക്കൊള്ളുന്ന അർത്ഥവും

എദേസ്സാ, സെലൂചിയ, അന്ത്യോക്യ ഇവിടങ്ങളിൽ നിന്നു പലകാലത്തായി കേരളത്തിൽ പുരോഹിതപ്രമാണിമാർ വന്നിട്ടുണ്ട്. ചിലപ്പോൾ അലക്സാന്ദ്രിയയിൽ നിന്നും, ബിസാൻസിയുമിൽ (ഇന്നത്തെ കോൺസ്റ്റാൻറിനോപ്പിൾ) നിന്നും പുരോഹിതന്മാർ വന്നിരുന്നു. ഇവരിൽ പലരും ഗ്രീക്കുകാരോ ഗ്രീക്ക വിദ്യാഭ്യാസം സിദ്ധിച്ചവരോ ആയിരുന്നു. ഗ്രീക്കഭാഷയിൽ ഉള്ള വേദപുസ്തകങ്ങളും ഇവർ കൊണ്ടുവന്നിരിക്കാം. ഈസമ്പർക്കങ്ങളുടെ ഫലമായി മാർതോമ്മാ ക്രിസ്ത്യാനികളുടെ ഭാഷയിൽ ഗ്രീക്കപദങ്ങൾ കടന്നു കൂടാനിടയായി. അപ്രകാരമുള്ള ചില ഗ്രീക്കപദങ്ങൾ പരിശോധിക്കാം.

## 1 മത ജീവിതത്തെ സ്പർശിക്കുന്നവ

കത്തീഡ്രൽ 'മെത്രാസനപ്പള്ളി'. ഗ്രീ. Kathedra 'ഒരു രൂപതയിലെ മെത്രാൻെറ ആസ്ഥാന ദേവാലയം, കസേര.' ഇം. Cathedral. ഇംഗ്ലീഷിൽ നിന്ന് എടുത്തതാണു മലയാള രൂപം. ഗ്രീക്ക ശബ്ദം പോർത്തുഗീസുവഴി വന്നപ്പോഴാണ് കസേരയായത്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

(തുടർച്ച)

യഹൂദരുടെ പെസഹാഭക്ഷണത്തിന്റെ പശ്ചാത്തലവും അനുഷ്ഠാനക്രമങ്ങളുമൊക്കെ ഏറെക്കുറെ

അന്ത്യത്താഴമല്ല പിന്നെയോ കുരിശിലെ ബലിയാണ് വി. കുർബാന, നമ്മുടെ കർത്താവിന്റെ ശരീരരക്തങ്ങളുടെ ബലി. രണ്ടാം വത്തിക്കാൻ കൗൺസിൽ ലിററർജി

# കുർബ്ബാനക്രമത്തിന്റെ ആദ്യാങ്കുരം

## അതിന്റെ മുളയെടുപ്പും വളർച്ചയും

### പെസഹായല്ല വി. കുർബാന

നാം മനസിലാക്കി. അതെല്ലാം ചെയ്യുവാനല്ല ക്രിസ്തുനാഥൻ ശിഷ്യന്മാരോട് കല്പിച്ചത്. അവിടുന്ന് പെസഹാഭക്ഷണത്തിന്റെ അവസരത്തിൽ പ്രത്യേകമായി ചെയ്തവ അവിടുത്തെ ഓർമ്മയ്ക്കായി ചെയ്യുവാനാണ് കല്പിച്ചത്. അതായത് അപ്പവും വീഞ്ഞുമെടുത്ത് ഇതെന്റെ ശരീരമാകുന്നു; ഇതെന്റെ രക്തമാകുന്നു' എന്നു പറഞ്ഞ് അവർക്ക് കൊടുത്തുകൊണ്ട് ക്രിസ്തുനാഥൻ സ്ഥാപിച്ച തന്റെ ശരീരരക്തങ്ങളുടെ ബലിയായ കുർബാന തന്റെ ഓർമ്മയ്ക്കായി ചെയ്യുവാനാണ് അവിടുന്ന് കല്പിച്ചത്; അല്ലാതെ അന്ത്യത്താഴം (പെസഹാ) മുഴവൻ അതിന്റെ സർവ്വവിധ ക്രമാനുഷ്ഠാനങ്ങളോടു കൂടി അർപ്പിക്കുവാനല്ല. ഇതിൽ നിന്നും വി. കുർബാന അന്ത്യത്താഴമല്ലെന്നും നാം മനസ്സിലാക്കണം. അതുകൊണ്ടുതന്നെ അന്ത്യത്താഴത്തിന്റെയോ വിരുന്നിന്റെയോ സംവിധാനമല്ല വി. കുർബാനയ്ക്കുണ്ടായിരിക്കേണ്ടതെന്നു സ്പഷ്ടം.

കോൺസ്റ്റിറ്റൂഷൻ 47—ാം നമ്പറിൽ ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ട്.

''നമ്മുടെ രക്ഷകൻ അവിടത്തെ തിരുശരീരരക്തങ്ങളുടെ ബലിയായ കുർബാന, അവിടുന്ന് ഒററികൊടുക്കപ്പെട്ട രാത്രിയിൽ ഒടുവിലത്തെ അത്താഴവേളയിൽ സ്ഥാപിച്ചു. കുരിശിലെ തന്റെ ബലി തന്റെ പുനരാഗമനംവരെ അവിരാമം തുടർന്ന് കൊണ്ടുപോകാൻ വേണ്ടിയായിരുന്നു അവിടുന്നങ്ങനെ ചെയ്തത്. ഇതു വഴിയായി തന്റെ പ്രിയതമയായ സഭയെ അവിടുത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണ ഭരമേല്പിച്ചു.........''

സഭയുടെ ആധുനികവും ആധികാരികവുമായ ഈ പ്രബോധനം വി. കുർബാന എന്താണെന്നും, അത് എപ്പോൾ സ്ഥാപിച്ചുവെന്നും, എന്തിനുവേണ്ടി അതു സ്ഥാപിക്കപ്പെട്ടെന്നും അവിടുന്ന് ആരെ അതു ഭരമേൽപിച്ചുവെന്നും വ്യക്ത

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# വാർത്താലോകം

### മാർപ്പാപ്പായുടെ ക്രിസ്മസ് ആശംസ

ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാളും ആചാരങ്ങളെക്കാളും ആന്തരിക ചൈതന്യം ഉൾക്കൊള്ളാനും പ്രദാനം ചെയ്യുവാനും ഉതകുന്നതായിരിക്കണം ക്രിസ്മസ് ആഘോഷങ്ങൾ എന്ന് മാർപ്പാപ്പാ തന്റെ ക്രിസ്മസ് സന്ദേശത്തിൽ വ്യക്തമാക്കി. സെൻറ് പീറ്റേഴ്സ് ബസലിക്കായിൽ തടിച്ചുകൂടിയ ആയിരക്കണക്കിനു വിശ്വാസികൾക്കു ക്രിസ്മസ് സന്ദേശം നല്കുകയായിരുന്നു മാർപ്പാപ്പാ.

ക്രിസ്തുമസ് ആഘോഷിക്കുന്ന ഈ വേളയിൽ ലോകത്തിന്റെ നാനാ ഭാഗത്തുള്ള പട്ടിണി പാവങ്ങളെയും ആലംബഹീനരേയും നാം പ്രത്യേകം സ്മരിക്കേണ്ടതാണ്. ലൗകികമായ സന്തോഷം വെറും നൈമഷികമാണെന്നും അതിന് സ്ഥായിയായ നേട്ടങ്ങൾ മനുഷ്യന് നേടിക്കൊടുക്കുവാൻ സാധിക്കുകയില്ലന്നും അതിനാൽ ക്രിസ്തുവുമായുള്ള ഒന്നുചേരലിന്റെതായിരിക്കണം ക്രൈസ്തവരുടെ ജീവിതമെന്നും മാർപ്പാപ്പാ പ്രത്യേകം ഓർമ്മിപ്പിച്ചു.

പശ്ചിമ ജർമ്മനിയിൽനിന്നും എത്തിച്ച 80 അടി ഉയരമുള്ള ക്രിസ്തുമസ് ട്രീ ആണ് ഈ വർഷം വത്തിക്കാൻ സ്ക്വയറിൽ സ്ഥാപിച്ചിട്ടുള്ളത്. 15000 ത്തോളം ജനങ്ങൾ വത്തിക്കാനിൽ നടന്ന പ്രാർത്ഥനാ ശുശ്രൂഷകളിൽ പങ്കെടുത്തു. ക്രിസ്തുമസ് രാത്രിയിൽ മാർപ്പാപ്പാ ദിവ്യബലി അർപ്പിച്ചു.

### 40 ഡീക്കന്മാർ വൈദിക പട്ടം സ്വീകരിക്കുന്നു

അപ്പസ്തോലനായ സെൻറ് തോമസിന്റെ നാമധേയത്തിലുള്ള വടവാതൂർ സെമിനാരിയിൽ 7 വർഷത്തെ വൈദിക പരിശീലനത്തിനുശേഷം 40 ഡീക്കന്മാർ ഡിസംബർ, ജനുവരി മാസങ്ങളിലായി പൗരോഹിത്യ പദവി സ്വീകരിക്കുകയാണ്. കേരളത്തിലെ വിവിധ റീത്തുകളിലും രൂപതകളിലുംനിന്നു ഉള്ളവരാണ് അവർ. കേരളത്തിനു വെളിയിൽ മിഷൻ രംഗങ്ങളിലേയ്ക്കു പോകുന്നവരും അവരിലുണ്ട്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സുപ്രധാനമായ പങ്കാണ് വടവാതൂർ സെമിനാരിക്കുള്ളത്. ഭാരതത്തിലെ പൗരസ്ത്യ സഭാംഗങ്ങൾക്കു വൈദിക പരിശീലനം നല്കുകയാണതിന്റെ ലക്ഷ്യം. ഭാരത സുറിയാനി സഭയുടെ അമൂല്യമായ പാരമ്പര്യങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു ആ സഭ

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org